## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5762** **08-07-2024 - ൽ മറുപടിയ്ക്ക്**

### അതിർത്തി സംസ്ഥാനങ്ങളിൽ നിന്നും വരുന്ന പാചകം ചെയ്ത ഭക്ഷണങ്ങളുടെ ഗുണനിലവാരം പരിശോധിക്കാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | അതിർത്തി സംസ്ഥാനങ്ങളിൽ നിന്നും വരുന്ന പാചകം ചെയ്ത ഭക്ഷണങ്ങളുടെ ഗുണനിലവാരം പരിശോധിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ; പാലിലും, പാൽ ഉല്പന്നങ്ങളിലും ഗുണനിലവാരം ഇല്ലാത്ത പാൽപ്പൊടി ഉൾപ്പെടെയുള്ളവ വ്യാപകമായ തോതിൽ കലർത്തിവിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ? | (എ) | അതിർത്തി സംസ്ഥാനങ്ങളിൽ നിന്നും പാചകം ചെയ്ത ഭക്ഷണ സാധനങ്ങൾ കൊണ്ട് വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അന്യ സംസ്ഥാനങ്ങളിൽ നിന്നും വിൽപ്പനയ്ക്കായി എത്തുന്ന പാലിന്റെയും പാലുൽപ്പന്നങ്ങളുടെയും ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് ഭക്ഷ്യ സുരക്ഷാ ഓഫീസർമാർ സ്റ്റാറ്റ്യൂട്ടറി/ സർവ്വയിലൻസ് സാമ്പിളുകൾ ശേഖരിയ്ക്കുകയും ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ലാബുകളിൽ ഗുണനിലവാര പരിശോധനയ്ക്കായി ലഭ്യമാക്കുകയും പരിശോധന ഫലത്തിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിയ്ക്കുകയും ചെയ്തു വരുന്നു. കൂടാതെ അന്യ സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന പച്ചക്കറികൾ, ധാന്യവർഗ്ഗങ്ങൾ, പഴവർഗ്ഗങ്ങൾ, മത്സ്യം തുടങ്ങിയവയുടെ സാമ്പിളുകളും നിശ്ചിത ഇടവേളകളിൽ ശേഖരിച്ച് പരിശോധനയ്ക്ക് വിധേയമാക്കി വരുന്നു. അതോടൊപ്പം തന്നെ സഞ്ചരിയ്ക്കുന്ന ഭക്ഷ്യ പരിശോധനാ ലബോറട്ടറികളുടെ സഹായത്തോടെ പാലിന്റെ സർവ്വയിലൻസ് സാമ്പിളുകൾ പരിശോധനയ്ക്ക് വിധേയമാക്കുകയും ചെയ്ത് വരുന്നു. പാലിലും പാലുൽപ്പന്നങ്ങളിലും ഗുണനിലവാരമില്ലാത്ത പാൽപ്പൊടി കലർത്തി വിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ